LIBRARY ARCHIVES Kerala Legislative Assembly

ആശുപത്രികളിൽ മാലിന്യ സംസ്ക്കരണത്തിനുള്ള സംവിധാനം

136 [1612] ശ്രീ. എൻ. രാജൻ:
,, പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആശുപത്രികളിൽ മാലിന്യ സംസ്ക്കരണത്തിനുള്ള എന്തെല്ലാം സംവിധാനങ്ങൾ ഇപ്പോൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പുതിയ എന്തെങ്കിലും സംവിധാനങ്ങൾ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അവ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) എത്രകാലംകൊണ്ട് പൂർണ്ണതോതിൽ ജൈവമാലിന്യങ്ങൾ ഉൾപ്പെടെയുള്ളവ സംസ്ക്കരിക്കുന്നതിനുള്ള സംവിധാനങ്ങൾ ആശുപത്രികളിൽ ഏർപ്പെടുത്തുന്നതിന് കഴിയുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇൻസിനറേറ്റർ ഉപയോഗിച്ച് മാലിന്യങ്ങൾ സംസ്ക്കരിക്കുക, പ്രത്യേകം തയ്യാർ ചെയ്യപ്പെട്ട കുഴിയിൽമൂടുക, കത്തിച്ചുകളയാൻ പറ്റുന്നവ കത്തിച്ചു കളയുക തുടങ്ങിയവയാണ് ഇപ്പോൾ നിലവിലുള്ള സംവിധാനങ്ങൾ.

(ബി) ബയോമെഡിക്കൽ വേസ്റ്റ് മാനേജ്മെന്റിനായി ആധുനികവും ശാസ്ത്രീയവുമായ മാർഗ്ഗങ്ങൾ അവലംബിക്കുവാൻ ആലോചനയുണ്ട്. ഇതിനായി പ്രത്യേകതരം കളർകോഡ് ഉള്ള കവറുകളിലും ബാഗുകളിലും ശേഖരിച്ച് തരംതിരിച്ച് ഒരോ മേഖലയിലുമുള്ള സംസ്ക്കാരണശാലയിൽ പ്രത്യേക സംവിധാനത്തിലൂടെ എത്തിച്ച് സംസ്ക്കരിക്കാനാണ് ഉദ്ദേശിക്കുന്നുത്.

(സി) ധനലഭ്യതയനുസരിച്ച് ഘട്ടംഘട്ടമായി നടപ്പിലാക്കുവനാണ് ഉദ്ദേശിക്കുന്നത്.

തിരുവനന്തപുരം മെഡിക്കൽ കോളേജിലും ആശുപത്രിയിലുമുള്ള വികസന പരിപാടികൾ

137 [1613] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിലും ആശുപത്രിയിലുമായി 2001 മേയ് മാസത്തിനുശേഷം എന്തെല്ലാം വികസന പരിപാടികളും പുനരുദ്ധാരണ പ്രവൃത്തികളും നടപ്പിലാക്കിയെന്ന് വ്യക്തമാക്കുമോ;

(ബി) ഈ ആശുപത്രികളിൽ ഈ കാലയളവിൽ പുതുതായി എന്തെല്ലാം ഉപകരണങ്ങൾ അനുവദിച്ചു എന്ന് വെളിപ്പെടുത്തുമോ;

(സി) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ നടത്തിക്കൊണ്ടിരിക്കുന്ന വികസന പദ്ധതികൾ ഏതെല്ലാമാണ്;

(ഡി) മെഡിക്കൽ കോളേജിൽ ഇ.എൻ.ടി. തുടങ്ങിയ പി.ജി. കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ഇ) മെഡിക്കൽ കോളേജിന്റെ വികസനത്തിനായി വർഷങ്ങളായി മരവിപ്പിച്ചിട്ടിരിക്കുന്ന പരിസരപ്രദേശത്തെ ഭൂമിയിൽ ആവശ്യം വേണ്ടത് ഏറ്റെടുക്കാൻ നിർദ്ദേശിക്കുമോ;

(എഫ്) മെഡിക്കൽ കോളേജിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ 'എ' 'ബി' ഓപ്പറേഷൻ തീയറ്ററുകളിൽ കേന്ദ്രീകൃത ശീതീകരണ സൗകര്യം ഏർപ്പെടുത്തി ഒരു കോടി 30 ലക്ഷം രൂപ ചെലവിൽ ട്രോമാ കെയർ കെട്ടിടത്തിന്റെ പണി പൂർത്തിയായി വരുന്നു. ഐ. എസ്. ആർ. ഒ., വി. എസ്. എസ്. സി. എന്നിവയുടെ സഹകരണത്തോടെ ടെലി മെഡിസിൻ പദ്ധതി നടപ്പിലാക്കി. അത്യാഹിത വിഭാഗം കൂടുതൽ സൗകര്യങ്ങളോടെ പുതിയ സ്ഥലത്തേക്ക് മാറ്റി സ്ഥാപിച്ചു. അമേരിക്കയിൽ കഴിയുന്ന കേരളത്തിലെ പൂർവ്വ മെഡിക്കൽ വിദ്യാർത്ഥികളുടെ ധനസഹായത്തോടെ ഇലക്ട്രോണിക് ലൈബ്രറി സ്ഥാപിച്ചു.

(ബി) ആശുപത്രിയുടെ പ്രവർത്തനത്തിനാവശ്യമായ താഴെപ്പറയുന്ന ആധുനിക ഉപകരണങ്ങൾ ഈ കാലയളവിൽ വാങ്ങുകയുണ്ടായി:

1. ഇൻട്രാ അയോർട്ടിക് ബലൂൺ പമ്പ്.
2. ലാപ്രോസ്കോപ്പിക് സിസ്റ്റം
3. അനസ്തേഷ്യ മെഷീൻ
4. ഓപ്പറേറ്റിംഗ് മൈക്രോസ്കോപ്പ്
5. കാർഡിയാക് ഫിബ്രിലേറ്റർ
6. സർജിക്കൽ ഡയാതെർമി
7. വെന്റിലേറ്ററുകൾ
8. ഓപ്പറേഷൻ ടേബിൾ
9. എൻഡോസ്കോപിക് സിസ്റ്റം.

LIBRARY ARCHIVES Kerala Legislative Assembly

(സി) അത്യാഹിത വിഭാഗം വിപുലീകരിക്കുന്നതിന്റെ ഭാഗമായി ട്രോമാ കെയർ സെന്റർ പണി പൂർത്തിയായി വരുന്നു. ആധുനിക യന്ത്രോപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ പൂർത്തിയായിക്കഴിഞ്ഞു. തിരുവനന്തപുരം മെഡിക്കൽ കോളേജ് സെന്റർ ഓഫ് എക്സലൻസ് ആക്കുന്നതിനുള്ള നിർദ്ദേശം പരിശോധിച്ചുവരുന്നു. കാമ്പസിലെ റോഡുകളുടെയും അഴുക്കുചാലുകളുടെയും പുനർനിർമ്മാണം നടന്നു വരുന്നു.

(ഡി) ഇപ്പോൾ തന്നെ ഇ.എൻ.ടി. പി.ജി. കോഴ്സുകൾ നടത്തുന്നുണ്ട്.

(ഇ) ഭൂമി ഏറ്റെടുക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(എഫ്) 1.37 കോടി രൂപ ചെലവു വരുന്ന കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കാനുദ്ദേശിക്കുന്നു. ആധുനിക യന്ത്രോപകരണങ്ങൾ വാങ്ങുന്നതിനും ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം, ബയോമെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ് എന്നീ പദ്ധതികൾ നടപ്പിലാക്കാനും ഉദ്ദേശിക്കുന്നു.

നെടുമ്പന ടി.ബി. ആശുപത്രിയെ ജില്ലാ ടി.ബി. ആശുപത്രിയാക്കാൻ നടപടി

138 [1614] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമ്പന ടി. ബി. ആശുപത്രിയുടെ വികസനത്തിനുവേണ്ടി നൽകിയിട്ടുള്ള നിവേദനങ്ങൾക്കുമേൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) നെടുമ്പന ടി.ബി. ആശുപത്രിയെ ജില്ലാ ടി.ബി. ആശുപത്രിയായി ഉയർത്താൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നെടുമ്പന ടി.ബി. ആശുപത്രി കെട്ടിടങ്ങളുടെ അറ്റകുറ്റപണികൾ നടത്തുകയും ഒഴിവുള്ള തസ്തികകളിലേക്ക് ജീവനക്കാരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) നടപടികൾ പരിഗണനയിലാണ്.

ആലപ്പുഴയിലെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം

139 [1615] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴയിലെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് എന്ന് അറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly